LITERATURE

# രോഗാവിഷ്കാരം സാഹിത്യത്തിൽ

## എം.ടി.യുടെ അസുരവിത്തിനെ മുൻനിർത്തി ഒരു വിശകലനം

**അനശ്വര എസ്.**
ഗവേഷക,
മലയാളവിഭാഗം,
കേരളകേന്ദ്രസർവകലാശാല
കാസർഗോഡ്
rachana.anaswara@gmail.com

**സംഗ്രഹം**

'രോഗ'ത്തിനെ മാനകമാക്കി കാലത്തെ നിർണയിക്കുന്ന ജീവിതസാഹചര്യത്തിലാണ് നാം ഇപ്പോഴുള്ളത്. കോവിഡിന് മുമ്പും പിമ്പും എന്ന വേർതിരിവ് ജീവിതത്തിന്റെ സമസ്തമേഖലയിലും ഇന്ന് പ്രതിഫലിക്കുന്നുണ്ട്. സമാനമായിത്തന്നെ പ്ലേഗ്, വസൂരി, കോളറ മുതലായ പകർച്ചവ്യാധികൾ സാമൂഹികാന്തരീക്ഷത്തെ രണ്ടായി പിളർക്കുകയും അവയെ നേരിടുകയും അതിജീവിക്കുകയും ചെയ്ത കാലവും ചരിത്രത്തിലുണ്ട്. മനുഷ്യശരീരത്തിന്റെ വിധിയെന്ന നിലയിൽ കണക്കാക്കുന്ന രോഗങ്ങൾ മൃത്യുബോധത്തിന്റെ വാഹകരായി സാഹിത്യത്തിൽ അവതരിപ്പിക്കപ്പെടുന്നു. നിലനിൽക്കുന്ന ഇടങ്ങളിൽ നിന്നും എന്നെന്നേക്കുമായി താനില്ലാതാകുമെന്ന മനുഷ്യനിലെ ഭയം അസ്തിത്വവാദത്തിന്റെയും റിയലിസത്തിന്റെയും ആധുനികതയുടെയും പശ്ചാത്തലത്തിലാണ് സാഹിത്യത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. രോഗം ഒരു പ്രമേയമായി കടന്നുവരുന്ന മലയാളസാഹിത്യകൃതികൾ വിരളമാണ്. ഈ പശ്ചാത്തലത്തിൽ എം.ടി വാസുദേവൻനായർ രചിച്ച അസുരവിത്ത് എന്ന നോവലിലെ രോഗാവിഷ്കാരം എപ്രകാരമാണെന്ന് വിലയിരുത്തുകയാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ:** രോഗം, പകർച്ചവ്യാധി, കോളറ, മലബാർ

 ISSN: 2582 - 2594

മാനുഷികാനുഭവങ്ങളിൽ ഏറ്റവും വിഷമകരമായ ഘട്ടമാണ് രോഗത്തിന്റെ കാലം. ശാരീരികമോ മാനസികമോ ആയ അസ്വാസ്ഥ്യത്തെയാണ് രോഗമെന്ന അർത്ഥത്തിൽ വിവക്ഷിക്കുന്നത്. മനുഷ്യജീവിതത്തിന്റെ ക്ഷണികമായൊരു അവസ്ഥയായി രോഗത്തെ കണക്കാക്കമെങ്കിലും അവ സൃഷ്ടിക്കുന്ന ആശങ്കകൾ മനുഷ്യരെ സാമൂഹികമായും സാംസ്കാരികമായും പരിവർത്തനവിധേയമാക്കുന്നുണ്ട്. സാഹിത്യത്തിൽ രോഗാവിഷ്കാരം പ്രധാനമാകുന്നത് ഇപ്രകാരമാണ്. രോഗം ഒരു രൂപകമായും സാഹിത്യാവിഷ്കാരത്തിൽ മാറുന്നു. ക്ലാസിക്കൽ സാഹിത്യത്തിൽ കുഷ്ഠരോഗം, ക്ഷയരോഗം എന്നിവ പ്രമേയമായിരുന്നു. സിഫിലിസ് റിയലിസകാലത്തെ സാഹിത്യത്തിൽ പ്രധാന പ്രമേയമായപ്പോൾ പ്ലേഗ്, വസൂരി, കോളറ മുതലായവ ആധുനികസാഹിത്യത്തിന്റെ ഭാഗമായി. ഇങ്ങനെ രോഗം പാശ്ചാത്യസാഹിത്യത്തിൽ എപ്രകാരം രൂപകമായി മാറുന്നുവെന്ന് സൂസൻ സൊൻടാഗ് illness as metaphor എന്ന പുസ്തകത്തിൽ പറയുന്നു.

രോഗഭീതിയിൽ നിന്ന് മനുഷ്യൻ ഒരിക്കലും മോചിതനായിട്ടില്ല. മനുഷ്യനുണ്ടായ കാലം മുതൽ അവനെ അലട്ടിയിരുന്ന പ്രധാന പ്രതിസന്ധി രോഗാവസ്ഥകൾതന്നെയാണ്. പ്രത്യേകിച്ച് സാംക്രമികരോഗങ്ങൾ. എപ്പിഡെമിക്[1], എൻഡെമിക്[2], പാൻഡെമിക്[3] എന്നിങ്ങനെ രോഗത്തിനെ തന്നെ വ്യത്യസ്തമായി തരംതിരിക്കുമ്പോൾ അതിഭീകരമായ പ്രതിസന്ധി സൃഷ്ടിച്ച പകർച്ചവ്യാധികളെ സാഹിത്യകാരന്മാർ നോക്കിക്കണ്ടത് മനുഷ്യരിലെ വൈകാരികാവസ്ഥകളിൽ ചലനം സൃഷ്ടിക്കാൻ സാധിക്കുന്ന ഒന്നായിട്ടാണ്. പകർച്ചവ്യാധികളെ സാഹിത്യത്തിലേക്ക്, പ്രത്യേകിച്ച് നോവലിലേക്ക് ആവിഷ്കരിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധങ്ങൾക്ക് ഇതര സാഹിത്യരൂപത്തേക്കാൾ പ്രാധാന്യം നോവലിൽ നൽകപ്പെട്ടിട്ടുണ്ട്. വ്യക്തിയുടെ അന്തർമണ്ഡലത്തിൽ നടക്കുന്ന സംഭവങ്ങൾ തൊട്ട് സമൂഹത്തിന്റെ വൈചിത്ര്യമാർന്ന ചലനങ്ങൾ വരെ നോവലിനു വിഷയമാകുന്നു. അതുകൊണ്ടുതന്നെ മനുഷ്യന്റെ അനുഭവതലങ്ങളുമായി ഏറെ ബന്ധപ്പെട്ടു നിൽക്കുന്ന രോഗങ്ങൾ നോവലിന്റെ പ്രമേയമാകാറുണ്ട്. രോഗത്തിന്റെ ഭീകരമായ അവസ്ഥ സാഹിത്യത്തിൽ ആവിഷ്കരിക്കാൻ പൊതുവെ തെരഞ്ഞെടുക്കുന്നത് പകർച്ചവ്യാധികളെയാണ്. ഇത്തരത്തിൽ മലയാള സാഹിത്യത്തിൽ അവതരിപ്പിച്ച പകർച്ചവ്യാധികളിൽ പ്രധാനപ്പെട്ട രോഗമാണ് കോളറ.

മാനവരാശിയെ ഭീതിയിലാഴ്ത്തിയ ഒരു മഹാമാരിയായിട്ടാണ് കോളറയെ ചരിത്രം രേഖപ്പെടുത്തുന്നത്. ശാസ്ത്രീയമായി പറഞ്ഞാൽ മലിനജലത്തിലൂടെ പകരുന്ന രോഗങ്ങളിലൊന്നാണ് കോളറ. വൃത്തിഹീനമായ സാഹചര്യങ്ങളിൽ 'വിബ്രിയോ കോളറേ' എന്ന ബാക്ടീരിയ ആണ് ഈ രോഗം പകർത്തുന്നത്. കുടിവെള്ളത്തിലൂടെ ശരീരത്തിൽ കടക്കുന്ന ഇവ 'കോളറാടോക്സിൻ' എന്ന വിഷവസ്തു ഉത്പാദിപ്പിക്കുന്നു. തത്ഫലമായി രൂക്ഷമായ വയറിളക്കം, ഛർദ്ദി എന്നിവ ഉണ്ടാവുകയും അതുവഴി രോഗവ്യാപനം സംഭവിക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ പ്രധാന വൈദ്യശാസ്ത്രഗ്രന്ഥങ്ങളിലെല്ലാം 'വിഷൂചിക' എന്ന് ഈ രോഗത്തെ പരാമർശിച്ചുകാണുന്നു.

'സൂചീഭിരിവഗാത്രാണിവിദ്ധ്യതീതിവിഷൂചിക'

എന്ന് അഷ്ടാംഗഹൃദയത്തിൽ പറയുന്നു. സൂചികൾകൊണ്ടു കുത്തുന്നതു പോലെ സർവാംഗവും കഠിനമായ പലതരം വേദനയോടു കൂടിയതിനാൽ വൈദ്യന്മാർ ഈ രോഗത്തെ വിഷൂചിക എന്നു വിളിച്ചുപോന്നതായി കരുതാമെന്ന് 1903 ആഗസ്റ്റ് 17-ാം തീയതിയിലെ ധന്വന്തരിമാസികയിലെ 'വിഷൂചിക' എന്ന പംക്തിയിൽ കാണുന്നു. 'കഫവാതപിത്തങ്ങളാൽ ഉണ്ടാകുന്നതായ ആമം, വിഷ്ടബ്ധം, വിദഗ്ധം എന്ന മൂന്നുതരം അജീർണ്ണവും വർദ്ധിച്ചാൽ വിഷൂചി, അലസകം, വിളംബിക എന്നിങ്ങനെ മൂന്നു പ്രകാരത്തിലായിത്തീരുമെന്നു സുശ്രുതസംഹിതയിലും അതു തന്നെ ആയുർവേദവിജ്ഞാനത്തിലും കാണുന്നു. ഒരേ വാചകത്തിലല്ലെങ്കിലും ചരകം, മാധവിനിദാനം, അഷ്ടാംഗഹൃദയം, സംഗ്രഹം മുതലായ ഗ്രന്ഥങ്ങളും ഈ അഭിപ്രായത്തെ അംഗീകരിക്കുന്നതായി കാണാം. ഈ രോഗത്തിന്റെ കാരണമായി ഈ ഗ്രന്ഥങ്ങളിൽ കാണുന്നത്

മൂഢാസ്ത്വാമജിതാത്മാനോ ലഭന്തേശനലോലുപാഃ

അതായത് ഭക്ഷ്യാഭക്ഷ്യവിവേകമില്ലാത്തവരും അഭക്ഷ്യമാണെന്നറിഞ്ഞാൽത്തന്നെ മനസ്സിനെ പിൻവലിപ്പാൻ ശക്തിയില്ലാത്തവരുമായ അഷ്ടിപ്രിയന്മാർ ഈ വ്യാധിയെ അനുഭവിക്കുന്നു എന്നു കാണുന്നു' (ധന്വന്തരി, അതേപുറം.).

വടക്കേമലബാറിൽ ഈ രോഗത്തെ 'നടപ്പുദീനം' എന്നും തെക്കേമലബാറിൽ 'തലേത്തട്ടി' എന്നും കോളറ അറിയപ്പെടുന്നു. ബ്രിട്ടീഷ് മലബാറിനെ രൂക്ഷമായി ബാധിച്ച പകർച്ചവ്യാധികളിലൊന്നായിട്ടാണ് വില്യം ലോഗൻ കോളറയെ രേഖപ്പെടുത്തിയിട്ടുള്ളത്. കോളറ മഹാമാരി പല ഘട്ടങ്ങളിലായി ബ്രിട്ടീഷ് മലബാറിനെ രൂക്ഷമായിത്തന്നെ ബാധിച്ചിരുന്നതായി മനസിലാക്കാനാവും. 1858 മുതൽ 1900 വരെയുള്ള കാലത്ത് കോളറ ഈ പ്രദേശങ്ങളിൽ വ്യാപകമായ ആൾനാശത്തോടു കൂടിത്തന്നെ വ്യാപിച്ചിരുന്നു എന്ന് മദ്രാസ് സാനിറ്ററി കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. 1919-ലും 1943-ലും കോളറ മഹാമാരി രൂപത്തിൽ തന്നെ ഈ പ്രദേശത്ത് പടർന്നുപിടിച്ചിരുന്നു. 1943-ലെ കോളറവ്യാപനം മൂലം ഒരു വർഷത്തിനുള്ളിൽ തന്നെ ഒരു ലക്ഷത്തിൽ പരം ജീവനാശം സംഭവിച്ചു. വർഷം മുഴുവൻ നീണ്ടുനിന്ന മാരകവ്യാധിയായാണ് ഈ രോഗത്തെ അക്കാലത്തെ ഔദ്യോഗികരേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജീർണിച്ച പഴകിയ സാമൂഹിക-സാമ്പത്തികാവസ്ഥയും രോഗവ്യാപനത്തെ സംബന്ധമായി നിലനിന്നിരുന്ന തദ്ദേശീയവിശ്വാസങ്ങളും തുടർച്ചയായ ഭക്ഷ്യക്ഷാമവുമെല്ലാം കൊണ്ട് രോഗപ്രതിരോധശേഷി നഷ്ടമായ ഒരു ജനതയിൽ മാരകരോഗങ്ങൾ പടർന്നുപിടിച്ച് ദുരന്തമായി മാറിയ സാമൂഹികചരിത്രം കോളറമൂലം മലബാറിനുണ്ട്. ഈ സാമൂഹികാവസ്ഥയുടെ ചിത്രീകരണമെന്നോണം ചില സാഹിത്യകൃതികളും രചിക്കപ്പെട്ടിട്ടുണ്ട്. തകഴി ശിവശങ്കരപ്പിള്ളയുടെ തോട്ടിയുടെ മകൻ, എം.ടി. വാസുദേവൻനായരുടെ അസുരവിത്ത്, പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സ്മാരകശിലകൾ എന്നിവ കോളറ കേരളീയ സാമൂഹികജീവിതത്തിലുണ്ടാക്കിയ പ്രതിഫലനത്തെ സൂചിപ്പിക്കുന്ന നോവലുകളാണ്.

**രോഗാവിഷ്കാരം അസുരവിത്തിൽ**

രോഗത്തിന്റെ വിശകലനത്തിലൂടെ ഒരു സംസ്കാരത്തിന്റെ തന്നെ പരിണാമത്തെ അവതരിപ്പിക്കാൻ കഴിയും. സാഹിത്യരൂപങ്ങളിൽ രോഗത്തിന്റെ മാനവികതലങ്ങൾ, സാമൂഹികവശങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു. രോഗത്തെ ശാസ്ത്രീയവിവക്ഷകളായി അവതരിപ്പിക്കുന്നു.


ISSN: 2582 - 2594

അതിനാൽതന്നെ രോഗം നോവലുകളിൽ ചരിത്രത്തിന്റെ അനുഭവമായിട്ടാണ് രൂപപ്പെടുന്നത് (2004, പു.69). ഇത്തരത്തിൽ രോഗത്തിന്റെ പ്രതിപാദനംകൊണ്ട് സവിശേഷമായ നോവലാണ് എം.ടിയുടെ അസുരവിത്ത്. 1962-ലാണ് ഈ നോവൽ പ്രസിദ്ധീകരിക്കുന്നത്.

'1921-ലെ മലബാർ കലാപം കഥാകാലഘട്ടത്തിലെ കുഞ്ഞയമ്മത് മുതലാളിയുടെ ബാപ്പയുടെ പ്രതാപകാലത്താണ് സംഭവിക്കുന്നത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ പരാമർശങ്ങൾ വർത്തമാനകാലത്തിലാണ് കഥയിൽ വിവരിക്കുന്നത്. അതിനാൽ ഇരുപതാം നൂറ്റാണ്ടിന്റെ നാലാം ദശകം (1930-40) ആണ് നോവലിന്റെ കഥാകാലം' (1962 7-8). ഇക്കാലം കേരളത്തിൽ, പ്രത്യേകിച്ച് മലബാർ പ്രദേശത്ത് അതിദാരുണമായിതന്നെ കോളറ പകർന്നുപിടിച്ച കാലമാണ്. 1943-ൽ ഇന്നാട്ടിൽ ഏറ്റവും ഭീതിജനകമായ അവസ്ഥ സൃഷ്ടിച്ച സാമൂഹികപ്രതിസന്ധിയായി കോളറയെ അക്കൊല്ലത്തെ കോളറ റിവ്യൂ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. 28432 മരണം കോളറമൂലം മലബാർപ്രദേശത്ത് മാത്രം സംഭവിച്ചു എന്നാണ് ഔദ്യോഗികകണക്കുകൾ. 1943-ൽ കോളറ ദ്രുതഗതിയിൽ പകർന്നുപിടിച്ച തിരൂരങ്ങാടി, പൊന്നാനി, കോഴിക്കോട് എന്നീ പ്രദേശങ്ങളെ കോളറബാധിതപ്രദേശങ്ങളായി മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് പ്രകാരം കളക്ടർ പ്രഖ്യാപിച്ചു. അത്രയേറെ മാരകമായ ഒരു രോഗം ബാധിച്ച സമൂഹത്തെയാണ് എം.ടി അസുരവിത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്.

തകർച്ചയെ അഭിമുഖീകരിക്കുന്ന ഒരു തറവാട്ടിലെ കണ്ണിയായ ഗോവിന്ദൻകുട്ടിയാണ് ഈ നോവലിലെ കേന്ദ്രകഥാപാത്രം. നിരാശയുടെ പടുകുഴിയിൽ ജീവിക്കുന്ന ഗോവിന്ദൻകുട്ടിയെ സ്വന്തം സമുദായവും വീടും തള്ളിപ്പറയുന്നു. എവിടെയും നിലനിൽപ്പ് സാധ്യമാകാൻ കഴിയാത്ത അയാൾ ഇരുട്ടിലൊതുങ്ങിപ്പോകുന്നു. അയാളെ കള്ളനെന്നു വിളിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്ത ആ ഗ്രാമത്തിൽ കോളറ പടർന്നുപിടിക്കുന്നതോടെ മരിച്ചുവീഴുന്ന മനുഷ്യരുടെ ശവസംസ്കാരം നടത്താൻ വേണ്ടി മാത്രം അയാൾ വെളിച്ചത്തിലേക്കു വരുന്നു. അയാൾക്ക് പരിചിതമായ പലരും കോളറ ബാധിച്ച് മരിക്കുന്നു. പകർച്ചവ്യാധി മൂലമുണ്ടാകുന്ന മരണം ഇല്ലാതാകുമ്പോൾ അയാളും ആ ഗ്രാമം വിട്ടു യാത്രയാകുന്നു. ഇതാണ് നോവലിന്റെ പ്രമേയം.

അതിവേഗം പകർന്നു പിടിച്ച ഒരു പകർച്ചവ്യാധിയെ ഒരു സമൂഹം എങ്ങനെ വീക്ഷിക്കുന്നു എന്നത് അസുരവിത്തിൽ പ്രകടമാണ്. പകർച്ചവ്യാധിയെ പറ്റി മാത്രം കേട്ടുകേൾവിയുള്ള ഒരു ജനതക്കിടയിൽ അതു സൃഷ്ടിക്കുന്ന ബോധം പലപ്പോഴും യുക്തിരഹിതമായിരിക്കും. നോവലിൽ പകർച്ചവ്യാധി ബാധിച്ച് ആദ്യം മരിക്കുന്നത് അറമുഖനാണ്. ആ മരണത്തെ പറ്റിയുള്ള വിവരണം ഇപ്രകാരമാണ്: 'കെഴങ്ങ് പുഴുങ്ങീത് രണ്ടുമൂന്നെണ്ണം തിന്നു. ത്തിരി ചെമ്മീനും കൂട്ടി. മനം പെരട്ട്ണൂന്ന് പറഞ്ഞ് ണീറ്റു. പിന്നെ മേപ്പട്ടും കീഴ്പ്പട്ടും എടുത്തു.' ആദ്യകാലത്ത് കോളറ പകർന്നു പിടിക്കുന്നത് ചെമ്മീൻ കഴിക്കുന്നതിലൂടെയാണ് എന്ന വ്യാപകമായ പ്രചരണം ഇന്നാട്ടിൽ നിലനിന്നിരുന്നു. സാനിറ്ററി കമ്മീഷൻ റിപ്പോർട്ടുകളിലും ഈ വസ്തുതയെ കാണാം. പ്രത്യേക സീസണുകളിൽ ചെമ്മീൻ കഴിക്കുന്നവരിൽ ഉദരസംബന്ധമായ രോഗങ്ങൾ ഉണ്ടാവുന്നതായി കണ്ടെത്തിയതിനാൽ ചെമ്മീന്റെ ഉപയോഗം കഴിയുന്നത്ര കുറക്കാൻ അധികാരികൾ ശ്രമിച്ചിരുന്നു. ചെമ്മീൻ പിടുത്തവും വിൽപനയും ഈയൊരു സാഹചര്യത്തിൽ വിലക്കിയിരുന്നതായി കണ്ണൂർ മുൻസിപ്പൽ കമ്മീഷണർക്ക് മുൻസിപ്പൽ ഹെൽത്ത് ഓഫീസർ അയച്ച റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

രോഗവുമായി ബന്ധപ്പെട്ട ഓരോ ഗ്രാമത്തിനും തങ്ങളുടേതായ ദൈവവിശ്വാസം ഉണ്ടാകുന്നത് സ്വാഭാവികമാണ്. പ്രത്യേകിച്ച്, തങ്ങളാൽ നിയന്ത്രണവിധേയമല്ലാത്ത ഒരു അവസ്ഥയെ പറ്റി. നടപ്പിന്റെ ദെണ്ണമാണെന്ന് ഗ്രാമവാസികൾ മനസിലാക്കുന്ന അവസരത്തിൽ തന്നെ അവിടെ ആദ്യമുണ്ടാകുന്ന ചർച്ച ഇപ്രകാരമാണ്. 'അന്യനാട്ടീന്ന് കൊണ്ടന്ന് വിത്താ..വേഗം കാവിലെ വെളിച്ചപ്പാടിനെ ആളയ്ക്ക്വോ... അയിത്തല്യ, ജാതീല്യ..പിന്നെ ഭഗവതീടെ വിത്ത് വീഴാണ്ടിരിക്ക്വോ...'(പു.297) എന്നിങ്ങനെ അവരുടെ ആശങ്ക എം.ടി ആവിഷ്കരിക്കുന്നു.

ഗോവിന്ദൻകുട്ടി മതം മാറിയതിനാലാണ് ഗ്രാമം ഒന്നാകെ ഈ പ്രതിസന്ധി നേരിടുന്നതെന്ന ജനാഭിപ്രായത്തെ അവതരിപ്പിക്കുമ്പോൾ അതിനുമപ്പുറം ഗ്രാമവാസികൾക്കിടയിൽ നിലനിൽക്കുന്ന അന്നാട്ടിലെ ദൈവത്തിനപ്രിയത്താൽ അനിഷ്ടം സംഭവിക്കുമെന്ന തദ്ദേശീയവിശ്വാസത്തെ പകർച്ചവ്യാധിയുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാൻ നോവലിസ്റ്റ് പ്രസ്തുതഭാഗത്ത് ശ്രമിക്കുന്നുണ്ട്.

1943-ൽ മലബാറിൽ പ്രളയസമാനമായ മൺസൂൺ ഉണ്ടായിരുന്നു എന്ന് ചരിത്രതെളിവുകളുണ്ട്. ഇക്കാലത്ത് കോളറ വ്യാപകമായും പടർന്നു പിടിച്ചിരുന്നു. ഈ സാഹചര്യം തന്നെയാണ് നോവലിന്റെ കഥാസന്ദർഭവും. 'മരണത്തിന്റെ വാർത്തകൾ കേട്ടുകൊണ്ടാണ് മിക്ക ദിവസവും രാവിലെ ഉണർന്നിരുന്നത്. തിരുവാതിര ഞാറ്റുവേല രാവും പകലും തകർക്കുകയായിരുന്നു. നനഞ്ഞുകുതിർന്നു നിൽക്കുന്ന ഗ്രാമത്തിനു മുകളിൽ മരണം കാണാത്ത ഒരു കൂറ്റൻ പരുന്തിനെപ്പോലെ ചിറകു വിരുത്തി വട്ടമിട്ടു പറക്കുന്നുണ്ടെന്നു തോന്നി. തണുത്ത കാറ്റോടൊപ്പം ഭയം അടഞ്ഞ വാതിലുകളുടെ വിടവുകളിലൂടെ അരിച്ചു കയറിയിരുന്നു' (പു.305) എന്നിങ്ങനെ ഒരു പകർച്ചവ്യാധി സൃഷ്ടിക്കുന്ന പ്രതിസന്ധിയെ എം.ടി വിവരിക്കുമ്പോൾ അതെത്രമാത്രം രൂക്ഷമായിരുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും.

പള്ളിപ്പറമ്പിലേക്ക് ശവങ്ങൾ കൊണ്ടുപോകുമ്പോഴുള്ള പ്രാർത്ഥന കേൾക്കുമ്പോൾ അതിലേക്ക് നോക്കാൻ ധൈര്യപ്പെടാത്ത ജനത നോവലിൽ പ്രത്യക്ഷപ്പെടുന്നു. ദുർഗന്ധത്തിൽ മൂടിക്കിടക്കുന്ന ശവങ്ങളുടെ വർണന എം.ടി നടത്തുന്നു. കുഴിച്ചിടാൻ ആളില്ലാത്തതിനാൽ ശവങ്ങൾ ചീഞ്ഞുനാറുന്നു. ഈ സാഹചര്യവും രോഗവ്യാപനത്തിന് കാരണമാകുന്നു. പക്ഷേ മനുഷ്യന്റെയുള്ളിൽ രോഗം സൃഷ്ടിക്കുന്ന ഭയം മൂലം ആരും അതിനു മുൻകൈയെടുത്തു വരുന്നില്ല. അവിടെയാണ് എം.ടി തന്റെ നായകനെ പ്രതിഷ്ഠിക്കുന്നത്. കോളറ പ്രസ്തുതസ്ഥാനത്ത് ഒരു രക്ഷകബിംബമായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്. ഫ്യൂഡലിസത്തിന്റെ തകർച്ചയോടെ സ്വന്തം ജീവിതത്തിൽ നിറഞ്ഞ അപകർഷത അനുഭവിക്കുന്ന നായകന് അവനെ തിരിച്ചറിയുന്നതിനും മറ്റുള്ളവർക്കു മുന്നിൽ തികഞ്ഞ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിനും പശ്ചാത്തലമാകുന്നത് കോളറാബാധയാണ്. ഗോവിന്ദൻകുട്ടിയെന്ന നായകനെ സംബന്ധിച്ചിടത്തോളം പകർച്ചവ്യാധി താനനുഭവിക്കുന്ന ആത്മസംഘർഷങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനുള്ള മാർഗമാണ്. രോഗബാധയെ ഇപ്രകാരം അവതരിപ്പിക്കുന്ന അപൂർവം നോവലിൽ ഒന്നാണ് അസുരവിത്ത്.

കോളറ ഒരു ഗ്രാമത്തിൽ ഭയം വിതക്കുന്നതിന്റെ അനാദൃശ്യമായ വിവരണം അസുരവിത്തിന്റെ അവസാനഭാഗത്ത് നിറഞ്ഞുനിൽക്കുന്നു. 'രാത്രിയിൽ പുറത്തെ നാട്ടുവഴിയിൽ ആൾസഞ്ചാരമില്ല. ദൂരെ അങ്ങാടി മിക്കവാറും ഇരുട്ടിൽ മുങ്ങിക്കിടക്കുകയായിരുന്നു. പകൽ


ISSN: 2582 - 2594

പലചരക്കുപീടികയിൽ മാത്രമേ കച്ചവടം നടക്കുന്നുള്ളൂ. രണ്ടു ചായപ്പീടിക മാത്രേ തുറന്നുവയ്ക്കാറുള്ളൂ. അവിടെ ആളുകൾ കയറുന്നുണ്ടെങ്കിൽ സംസാരിച്ചിരിക്കാൻ മാത്രമാണ്. കോളറ പകർന്നു പിടിച്ചതിൽപ്പിന്നെ കച്ചവടം അഭിവൃദ്ധിപ്പെട്ടത് മണ്ണാന്റെ മരുന്നു പീടികയിൽ മാത്രമാണ്'' (പു.347) എന്ന് വിവരിക്കുമ്പോൾ 2020-ൽ നമ്മൾ അനുഭവിച്ച ലോക്ഡൗണിനു സമാനമായ അവസ്ഥ പ്രസ്തുത കാലത്ത് കോളറമൂലം ഇന്നാട്ടിൽ ഉണ്ടായിരുന്നു എന്ന് വ്യക്തമാകുന്നു.

കർപ്പൂരാസവം[4]- കോളറക്ക് കൈകണ്ട മരുന്ന്, അതിസാരകുലാന്തകംലേഹ്യം[5] എന്നീ രണ്ട് ആയുർവേദ മരുന്നുകളെ പറ്റി നോവലിൽ പരാമർശിക്കുന്നുണ്ട്. അതിജീവനത്തിന്റെ നാളുകളിൽ ചികിത്സയും മരുന്നും ഉപയോഗിക്കുകയെന്നത് സ്വാഭാവികമാണ്. അതുവഴി ഒരു പരിധി വരെ പകർച്ചവ്യാധികളെ നിയന്ത്രിച്ചുനിർത്തുന്നു. രോഗനിദാനശാസ്ത്രവും അതു തന്നെയാണ് പറയുന്നത്. നോവലിലും കഥാഗതി അപ്രകാരമാണ്.

പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട തദ്ദേശീയവിശ്വാസങ്ങൾ നിരർത്ഥകമാണെന്ന് നോവലിന്റെ ഒരു ഘട്ടത്തിൽ എം.ടി പറയുന്നുണ്ട്. കുട്ടപ്പക്കുറുപ്പിന്റെ മരണം കൊണ്ടുണ്ടായ നഷ്ടത്തെപ്പറ്റി ഓർക്കാനിട കിട്ടുന്നതിനുമുമ്പ് കിഴക്കമ്മുറിക്കാരെ നടുക്കിയ ഒരു വാർത്തയുണ്ടായിരുന്നു. അതിരാളൻ അമ്പലത്തിലെ വെളിച്ചപ്പാടിനും രണ്ടാമത്തെ കുട്ടിക്കും ദീനം തുടങ്ങിയിരിക്കുന്നു. അതിരാളൻ രക്ഷിക്കാനും ശിക്ഷിക്കാനും ശക്തിയുള്ള ദൈവമാണ്, ഭഗവതിയുടെ ചാർച്ചക്കാരനാണ് എന്നു പറഞ്ഞുപോകുന്നിടത്ത് പകർച്ചവ്യാധി വ്യാപനത്തിൽ ആളും തരവുമില്ലെന്ന സത്യത്തെ അംഗീകരിക്കാൻ ആ ഗ്രാമവാസികളെപ്പോലെ വായനക്കാരും ബാധ്യസ്ഥരാകുന്നു. രോഗമെന്നത് പ്രത്യേകിച്ച് പകർച്ചവ്യാധിയെന്നത് മനുഷ്യരുടെ ജീവിതസംസ്കാരത്തെ എപ്രകാരം മാറ്റിമറിക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ എം.ടി അവതരിപ്പിക്കുന്നത്.

കോളറ എന്ന രോഗത്തെ മാത്രമല്ല അസുരവിത്തിൽ പരാമർശവിധേയമാക്കുന്നത്. കുഷ്ഠരോഗം, വസൂരി എന്നിവ കൂടി നോവലിൽ ഒരു സൂചകമെന്ന പോലെ പ്രത്യക്ഷപ്പെടുന്നുണ്ട്. വ്രണങ്ങൾ മാന്തി, വിരലുകളിൽ പൊതിയുന്ന ഈച്ചകളെ പ്രാകിയിരിക്കുന്ന കുഷ്ഠരോഗിയായ പാറുത്തള്ള രോഗഭീതിയുടെ രൂപകമായി കടന്നുവരുന്നു. കോളറക്ക് മുമ്പ് വസൂരി സൃഷ്ടിച്ച അരക്ഷിതാവസ്ഥയെയും നോവലിൽ സൂചിപ്പിക്കുന്നുണ്ട്. മനുഷ്യനാശം വരുത്തുന്ന പകർച്ചവ്യാധിയുടെ ബോധപൂർവ്വമായ അവതരണമായി അസുരവിത്ത് മാറുന്നത് ഇങ്ങനെയെല്ലാമാണ്.

നോവലിലുടനീളം പകർച്ചവ്യാധികൾ അദൃശ്യമായ ഒരു സാന്നിധ്യമായി നിലനിൽക്കുന്നു. പ്രിയപ്പെട്ടവരെ, തിരിച്ചുവരാൻ വേണ്ടി യാത്ര ആരംഭിക്കുന്നു എന്നു പറയുന്ന നോവലിന്റെ അവസാനഭാഗത്ത് രോഗബാധയും രോഗഭീതി മനുഷ്യസംസ്കാരത്തിനെ വിടാത്ത നിഴലായി കൂടെയുണ്ടെന്ന സൂചന നൽകുന്നതാണ്. കോളറയുടെ വർണ്ണന ഒരു വിഷയത്തിന്റെ സാംസ്കാരികനിർമ്മിതിയും ചരിത്രനിർമ്മിതിയുമായി മാറുന്നു. കഥാഘടനയിൽ വഴിത്തിരിവുണ്ടാക്കുന്നതും രോഗം തന്നെയാണ്. ഗോവിന്ദൻകുട്ടി എന്ന അസുരന്റെ പ്രവൃത്തികളുടെ അനന്തരഫലമായിട്ടാണ് ഗ്രാമത്തിൽ പകർച്ചവ്യാധിവ്യാപനം സംഭവിക്കുന്നത് എന്ന് അവതരിപ്പിച്ചെങ്കിലും ആ അസുരൻ തന്നെ രോഗശമനത്തിനും കാരണമാകുന്നതായി നോവലിൽ ആവിഷ്കരിക്കുന്നു. 'വിത്ത്'' എന്നത് പകർച്ചവ്യാധിയെ സൂചിപ്പിക്കാൻ തദ്ദേശീയമായി ഉപയോഗിക്കുന്ന പ്രയോഗമാണ്. അതിനാൽ മനുഷ്യനും രോഗവും തമ്മിലുള്ള പ്രതിരോധമാണ് അസുരവിത്ത്

എന്നു പറയാം. ഒരു മനുഷ്യൻ സമൂഹത്തിൽ നിന്ന് നേരിടാവുന്ന എല്ലാ പ്രതിസന്ധികളെയും നോവലിൽ ആവിഷ്കൃതമാകുന്നുണ്ട്. സമൂഹം ഒരു രോഗമെന്ന നിലയിൽ ഒരു മനുഷ്യനിലേക്ക് പടർന്നുപിടിക്കുന്നത് ആവിഷ്കരിക്കുമ്പോൾ രോഗം ഒരു ബിംബമായി നോവലിൽ മാറുന്നുണ്ട്. മതം, ജാതി എന്നിവ കൊണ്ടെല്ലാം ഭിന്നമായ ഒരു സമൂഹത്തെ ഒന്നിപ്പിക്കുന്നതിലും മനുഷ്യരിൽ മനുഷ്യത്വത്തിന്റെ വിത്തുപാകുന്നതിനും നോവലിസ്റ്റ് ഉപയോഗിച്ചിരിക്കുന്ന സങ്കേതം രോഗം തന്നെയാണ് എന്നതാണ് അസുരവിത്തിനെ സവിശേഷമാക്കുന്നത്.

### കുറിപ്പുകൾ

1. എപ്പിഡെമിക് - ജനങ്ങളിൽ അമിതമായി വർദ്ധിക്കുന്ന രോഗാവസ്ഥ
2. എൻഡെമിക് - കൈകാര്യം ചെയ്യാവുന്ന പരിധിക്കുള്ളിൽ വ്യാപിക്കുന്ന രോഗം
3. പാൻഡെമിക് - പതിവിൽ കവിഞ്ഞ രീതിയിൽ സംഭവിക്കുന്ന രോഗവ്യാപനാവസ്ഥ
4. കർപ്പൂരാസവം - കോളറ, ഛർദ്ദി, വയറിളക്കം എന്നിവയുടെ ചികിത്സക്കായി ഉപയോഗിക്കുന്ന ആയുർവേദമരുന്ന്.
5. അതിസാരകുലാന്തകംലേഹ്യം- വയറിളക്കശമനത്തിനുള്ള ആയുർവേദമരുന്ന്.

### ആധാരസൂചി

അപ്പൻ കെ.പി, 2004, രോഗവും സാഹിത്യഭാവനയും, ഡി.സി. ബുക്സ്, കോട്ടയം.

ടോണിമാത്യു (സമാഹരണം) 1997, എം.ടി.യുടെ സർഗപ്രപഞ്ചം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

വാസുദേവൻനായർ എം.ടി, 1962, അസുരവിത്ത്, ഡി.സി ബുക്സ്, കോട്ടയം.

ധന്വന്തരി (മാസിക)

 ISSN: 2582 - 2594